**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3497 — 22.08.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി-കളുടെ പട്ടികയിൽ ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കാഞ്ചേരി എന്നീ പി.എച്ച്.സി-കളെയും, താലൂക്ക് തല ആശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്ക് ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ടി പി.എച്ച്.സി-കളിൽ ഓരോ ഡോക്ടർമാരുടെയും, ഓരോ ലാബ് ടെക്നീഷ്യൻമാരുടെയും, രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം ടി താലൂക്ക് ആശുപത്രിയിൽ ഒരു ലാബ് ടെക്നീഷ്യന്റെയും, രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. |
| (ബി) | ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ടി കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യകേരളം സിവിൽ എഞ്ചിനീയർ, ബയോ മെഡിക്കൽ എഞ്ചിനീയർ, എന്നിവരടങ്ങുന്ന സംഘം സന്ദർശിച്ച് സൗകര്യങ്ങളെക്കുറിച്ചുള്ള വിശകലനം (ഫെസിലിറ്റി സർവ്വെ/ഗ്യാപ്പ് അനാലിസിസ്) നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്ളാൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കിയിട്ടുണ്ട്. സിവിൽ ജോലികൾ ചെയ്യുന്നതിലേയ്ക്കായി നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. കീഴ്ക്കാഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 8 ലക്ഷം രൂപയുടേയും വണ്ടാഴി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 13 ലക്ഷം രൂപയുടേയും പ്രവർത്തികളാണ് നടക്കുക. കീഴ്ക്കാഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രം 2017 സെപ്റ്റംബറിലും വണ്ടാഴി പ്രാഥമിക ആരോഗ്യ കേന്ദ്രം 2017 ഒക്ടോബർ 31-നകവും നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കീഴ്ക്കാഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിഷാദ രോഗത്തിന് ചികിത്സിക്കാൻ ഡോക്ടർമാർക്ക് പരിശീലനം നൽകി. ആശ്വാസ് ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളിലും കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലെ സൂക്ഷ്മതല ആരോഗ്യപ്രവർത്തനങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ